**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2147** **05-02-2026-ൽ മറുപടിയ്ക്ക്**

**<u>കേരള അഗ്നിരക്ഷാ & രക്ഷാസേവന വകുപ്പ് വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി കെ. കെ. രമ

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** കഴിഞ്ഞ അഞ്ചുവർഷത്തിനിടയിൽ കേരള അഗ്നിരക്ഷാ & രക്ഷാസേവന വകുപ്പ് ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ഏതെങ്കിലും കമ്പനിക്ക് വാങ്ങൽ ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വാങ്ങൽ ഉത്തരവ് നൽകിയ കമ്പനിയുടെ പേര്, വാങ്ങിയ ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ബ്രാൻഡ്/മോഡൽ, നിർമ്മാണ രാജ്യം, വാങ്ങൽ തുക, വിതരണക്കാരന് ഒ.ഇ.എം. നൽകിയ ഔദ്യോഗിക ഡീലർഷിപ്പ്/ഓതറൈസേഷൻ സർട്ടിഫിക്കറ്റ് ഉണ്ടായിരുന്നോ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കുമോ;

**<u>മറുപടി:</u>** 15 കോടി രൂപ വിലവരുന്ന ഒരെണ്ണം Bronto Skylift model F 60 RLX എന്ന മോഡൽ ഏരിയൽ ലാഡർ പ്ലാറ്റ്ഫോം സപ്ലൈ ചെയ്യുന്നതിനായി FINLAND ആസ്ഥാനമായുള്ള OEM ആയ M/s. BRONTO SKYLIFT OY AB എന്ന സ്ഥാപനത്തിനു സപ്ലൈ ഓർഡർ നൽകിയിട്ടുണ്ട്.

**(ബി)** പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോമിന്റെ ഒറിജിനൽ ഇക്വിപ്പ്മെന്റ് നിർമ്മാതാവ് (ഒ.ഇ.എം.- ഒറിജിനൽ ഇക്വിപ്പ്മെന്റ് മാനുഫാക്ചറർ), ഒ.ഇ.എം. കമ്പനിയുടെ പേര്, ആസ്ഥാനം സ്ഥിതിചെയ്യുന്ന രാജ്യം എന്നീ വിവരങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** FINLAND ആസ്ഥാനമായുള്ള M/s. BRONTO SKYLIFT OY AB TEERIVUORENKATU 28, FI-33300 TAMPERE, FINLAND എന്ന സ്ഥാപനം തന്നെയാണ് OEM.

**(സി)** പ്രസ്തുത ഏരിയൽ ലാഡർ പ്ലാറ്റ്ഫോം വാങ്ങുന്നതിനായി ക്ഷണിച്ച ടെണ്ടറിൽ മൊത്തം എത്ര ബിഡ്ഡർമാർ പങ്കെടുത്തു; സാങ്കേതികമായി യോഗ്യത നേടിയ ബിഡ്ഡർമാരുടെ എണ്ണം എത്ര; ഏതെങ്കിലും ബിഡ്ഡർമാരെ അയോഗ്യരാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** രണ്ടു ബിഡർമാർ പങ്കെടുക്കുകയും പങ്കെടുത്ത രണ്ട് ബിഡർമാരും യോഗ്യത നേടുകയും ചെയ്തിരുന്നു.

**(ഡി)** പ്രസ്തുത ടെണ്ടറിൽ മെസ്സേഴ്സ് ബ്രോണ്ടോ സ്കൈലിഫ്റ്റ്, ഫിൻലാൻഡ് എന്ന കമ്പനിയുടെ ഡീലർ/ പ്രതിനിധി എന്ന നിലയിൽ എത്ര ബിഡ്ഡർമാരാണ് പങ്കെടുത്തത്; ഇവരെല്ലാവരും സാങ്കേതിക യോഗ്യത നേടിയിട്ടുണ്ടായിരുന്നോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** രണ്ടു ബിഡർമാർ പങ്കെടുക്കുകയും പങ്കെടുത്ത രണ്ട് ബിഡർമാരും യോഗ്യത നേടുകയും ചെയ്തിരുന്നു.

**(ഇ)** നിലവിലുള്ള സർക്കാർ വാങ്ങൽ ചട്ടങ്ങൾ, ടെണ്ടർ നിബന്ധനകൾ, അല്ലെങ്കിൽ സഹകരണ/ പൊതുമേഖല വാങ്ങൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം, ഒരു ഒ.ഇ.എം. (ഒറിജിനൽ ഇക്വിപ്പ്മെന്റ് മാനുഫാക്ചറർ)-നെ ഒരേ ടെണ്ടറിൽ ഒന്നിലധികം ഡീലർമാർ പ്രതിനിധീകരിക്കുന്നത് അനുവദനീയമാണോ; അനുവദനീയമാണെങ്കിൽ, അതിന് അടിസ്ഥാനമായ സർക്കാർ ഉത്തരവ്/ചട്ടം സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സ്റ്റോർ പർച്ചേസ് മാന്വലിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ, ഒരു ഒ.ഇ.എം. (ഒറിജിനൽ ഇക്വിപ്പ്മെന്റ് മാനുഫാക്ചറർ)-നെ ഒരേ ടെണ്ടറിൽ ഒന്നിലധികം ഡീലർമാർ പ്രതിനിധീകരിക്കുന്നത് അനുവദനീയമല്ലെന്ന് പ്രസ്താവിക്കുന്ന പ്രത്യേക വ്യവസ്ഥകളോ നിബന്ധനകളോ നിലവിലില്ല.

**(എഫ്)** അനുവദനീയമല്ലെങ്കിൽ, ഈ വാങ്ങൽ നടപടിയിൽ ഇളവ്/ഒഴിവാക്കൽ നൽകിയതിന്റെ വിശദാംശങ്ങളും ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ബാധകമല്ല.

**സെക്ഷൻ ഓഫീസർ**